## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4736 — 21.10.2011-ൽ മറുപടിയ്ക്ക്

### ലോഡ് ഷെഡ്ഡിംഗ്.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ :<br>ശ്രീ. വി. ചെന്താമരാക്ഷൻ :<br>ശ്രീ. പി. റ്റി എ. റഹീം :<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വീണ്ടും പവർകട്ടും ലോഡ് ഷെഡ്ഡിംഗും ഏർപ്പെടുത്തേണ്ടി വരികയുണ്ടായോ ; | (എ) പവർകട്ട് ഏർപ്പെടുത്തിയിട്ടില്ല. 12 ദിവസം ലോഡ്ഷെഡിംഗ് ഏർപ്പെടുത്തേണ്ടി വന്നു. |
| (ബി) മുൻവർഷം കേന്ദ്ര പൂളിൽ നിന്നും അർഹമായ വൈദ്യുതി കിട്ടാതിരുന്ന സന്ദർഭങ്ങളിൽ പവർകട്ടും ലോഡ് ഷെഡ്ഡിംഗും ഏർപ്പെടുത്തുകയുണ്ടായോ ;<br>(സി) മുൻവർഷം ഏറ്റവും കുറവ് വൈദ്യുതി കേന്ദ്ര പൂളിൽ നിന്നും കിട്ടിയത് എന്നായിരുന്നു എന്നും എത്രയായിരുന്നുവെന്നും അന്ന് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിരുന്നുവോ എന്നും വ്യക്തമാക്കുമോ ; | (ബി) & (സി) മുൻ വർഷം ലോഡ് ഷെഡിംഗ് ഏർപ്പെടുത്തിയിരുന്നില്ല.<br>2010-11 വർഷത്തിൽ കേന്ദ്രപൂളിൽ നിന്നും ഏറ്റവും കുറവ് വൈദ്യുതി ലഭിച്ചത് 2010 ആഗസ്റ്റ് മാസത്തിലാണ്. പ്രതിദിനം ശരാശരി 16.15 ദശലക്ഷം യൂണിറ്റാണ് (672.96 മെഗാവാട്ട്) ലഭിച്ചത്. |
| (ഡി ഈ സർക്കാർ അധികാരമേറ്റ ശേഷം ഏറ്റവും കുറവ് വൈദ്യുതി കേന്ദ്ര പൂളിൽ നിന്ന് കിട്ടിയത് എപ്പോഴായിരുന്നുവെന്ന് വ്യക്തമാക്കുമോ ; | (ഡി) ഈ സർക്കാർ അധികാരമേറ്റശേഷം കേന്ദ്രപൂളിൽ നിന്നും ഏറ്റവും കുറവ് വിഹിതം ലഭിച്ചത് 2011 സെപ്റ്റംബർ മാസം 24-ാം തീയതി മുതലാണ്. 01-10-2011 നാണ് ഏറ്റവും കുറവ് വൈദ്യു തി ലഭിച്ചത് അത് 13.9496 ദശലക്ഷം യൂണിറ്റു മാത്രമാണ്. |
| (ഇ) മുൻ കാലങ്ങളിലേതിനേക്കാൾ മെച്ചപ്പെട്ട സ്ഥിതി ഉണ്ടായിരുന്നിട്ടും തികഞ്ഞ ആസൂത്രണം ഇല്ലാത്തതുകൊണ്ടാണ് വൈദ്യുതി പ്രതിസന്ധി ഉണ്ടായതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (ഇ) ഇല്ല. രാജ്യവ്യാപകമായുണ്ടായ ലഭ്യത കുറവുമൂലവും വൈദ്യുതി വാങ്ങുന്നതിനുള്ള സാധ്യത കുറഞ്ഞതുകൊണ്ടുമാണ് ലോഡ് ഷെഡിംഗ് ഏർപ്പെടുത്തേണ്ടി വന്നത്. |

സെക്ഷൻ ഓഫീസർ.